WEDNESDAY 26-04-2023 ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-26/04/2023.

1. കൃഷി വകുപ്പിന്റെ 131 ഫാം ഉത്പന്നങ്ങൾ ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ പ്രമുഖ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ്. കർഷകർക്ക് മൂല്യവർദ്ധനവിലൂടെ മികച്ച വരുമാനം ലഭ്യമാക്കുന്നതിന്റെ ആദ്യ പടിയായാണ് ഉത്പന്നങ്ങൾ ഓൺലൈനിൽ എത്തിച്ചതെന്നും മന്ത്രി പറഞ്ഞു. കേരള സർക്കാരിന്റെ മൂന്നാം നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗമായി എറണാകുളം മറൈൻഡ്രൈവിൽ വച്ച് മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ ഓൺലൈൻ വിപണന ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ഇന്ത്യയിൽ എവിടെയുമുള്ള പൊതുജനങ്ങൾക്ക് ഇനിമുതൽ ആമസോൺ, ഫ്ലിപ്കാർട്ട് വഴി കേരളാഗ്രോ ബ്രാൻഡിലുള്ള ഉത്പന്നങ്ങൾ വാങ്ങാമെന്ന് മന്ത്രി പറഞ്ഞു. ആദ്യഘട്ടത്തിൽ 100 ഉത്പ്പന്നങ്ങളെ ഓൺലൈനിൽ ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട സ്ഥാനത്ത് 131 ഉത്പന്നങ്ങളെ ഓൺലൈനിലേക്കെത്തിക്കുവാൻ സാധിച്ചു. ഇത്തരത്തിൽ കർഷകരുടേതുൾപ്പടെ കൂടുതൽ ഉത്പ്പന്നങ്ങൾ ഓൺലൈനിലേക്കെത്തിക്കും. കൂടാതെ കർഷകരുടെ ഉത്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുമെന്നും അതിന്റെ ആദ്യഘട്ടമായി തിരുവനന്തപുരത്ത് വച്ച് നടത്തിയ വൈഗ എക്സിബിഷനിലെ ബി ടു ബി മീറ്റിൽ 39.76 കോടി രൂപയുടെ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തിയെന്നും മന്ത്രി പറഞ്ഞു. മറൈൻഡ്രൈവിൽ നടക്കുന്ന സഹകരണ എക്സ്പോയിലെ കേരളാഗ്രോ സ്റ്റാൾ ഉത്ഘാടനം, "കാർഷിക അനുബന്ധ മേഖലയും സഹകരണ സ്ഥാപനങ്ങളും -ആധുനിക കാഴ്ചപ്പാടുകൾ" സെമിനാർ ഉത്ഘാടനം, കേരളാഗ്രോ കിയോസ്കുകളുടെ അനാച്ഛാദനം എന്നിവ കൃഷിമന്ത്രി നിർവ്വഹിച്ചു .

2. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചേർത്തല സെന്റ് മൈക്കിൾസ് കോളജ് ഗ്രൗണ്ടിൽ 2023 മേയ് 13 മുതൽ 21 വരെ നടത്തുന്ന കാർഷിക വിപണന മേളയായ കരപ്പുറം കാഴ്ചയുടെ നടത്തിപ്പിന്റെ പ്രചാരണാർത്ഥം അനുയോജ്യമായ ലോഗോകൾ തയ്യാറാക്കി സമർപ്പിക്കാം. കരപ്പുറത്തിന്റെ സമഗ്ര കാർഷിക വികസനത്തിനായി തയ്യാറാക്കുന്ന വികസന രേഖയായ വിഷൻ 2026നും കരപ്പുറം കാഴ്ചക്കുമായി അനുയോജ്യമായ ലോഗോകൾ പൊതുജനങ്ങൾക്ക് തയ്യാറാക്കി 2023 ഏപ്രിൽ 30ന്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

മുൻപായി സമർപ്പിക്കാവുന്നതാണ്. ചേർത്തല മിനി സിവിൽ സ്റ്റേഷനിൽ ഉള്ള കൃഷി അസിസ്റ്റൻറ് ഡയറക്ടർ ഓഫീസിൽ നേരിട്ടോ adacherthala@gmail.com, mediadivisionfib@gmail.com എന്ന ഈ-മെയിലിലോ ലോഗോകൾ എത്തിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്ന മികച്ച ലോഗോയ്ക്ക് സമ്മാനം ലഭിക്കും.

3. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിടക്കോഴി ക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ ,വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471–2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

4. മലമ്പുഴ മൃഗ സംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിൽ 27/04/2023 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മുതൽ 4.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188622713, 0491-2815454 എന്ന നമ്പറിൽ വിളിച്ച് മുൻ കൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്.

5. പനമരം ബ്ലോക്ക് പഞ്ചായത്ത് 2022-2023 വർഷം നടപ്പിലാക്കുന്ന ഗോ ജീവ സുരക്ഷാ (സഞ്ചരിക്കുന്ന മൃഗാശുപത്രി) പദ്ധതിയുടെ സേവനം ഏപ്രിൽ 24 തിങ്കൾ മുതൽ ഏപ്രിൽ 29 ശനി വരെയുള്ള ദിവസങ്ങളിൽ പനമരം ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ലഭ്യമായിരിക്കും. പ്രവൃത്തി സമയം രാവിലെ 10 മുതൽ വെകിട്ട് 05 വരെ. സേവനം ആവശ്യമുള്ള കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേനെയോ നേരിട്ടോ ഡ്യൂട്ടി ഡോക്ടറുമായി 9074583866 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

6. തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരകർഷകർക്കായി ഈ മാസം 27-ന് (ഏപിൽ 27) **ശുദ്ധമായ പാൽ ഉൽപാദനം** എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്.. താല്പര്യമുള്ളവർ ഇന്ന് (26.04.2023) 5 മണിക്ക് മുൻപായി ക്ഷീര പരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ് പട്ടത്ത് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ നേരിട്ടോ **0471**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

240911 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നതിനുള്ള ലിങ്ക്: https://meet.google.com/qjm-omxm-ygn.

**പരിശീലന പരിപാടി**

7. റബ്ബർമരങ്ങൾ മഴക്കാലത്ത് റെയിൻഗാർഡുചെയ്ത് ടാപ്പുചെയ്യേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചുമുള്ള സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് 2023 ഏപ്രിൽ 26 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ഡോ. കെ. എ. വിൻസെന്റ് ഫോണിലൂടെ മറുപടി നൽകും. കോൾസെന്റർ നമ്പർ **0481 – 2576622.** റബ്ബർബോർഡ് കോൾസെന്ററിന്റെ പ്രവർത്തനസമയം തിങ്കൾ മുതൽ വെള്ളി വരെയുള്ള എല്ലാ പ്രവൃത്തിദിവസങ്ങളിലും രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെയാണ്. റബ്ബർബോർഡിന്റെ വിവിധ പദ്ധതികളെയും സേവനങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ ഇവിടെനിന്നു ലഭിക്കും.

**കാർഷിക നിർദ്ദേശങ്ങൾ**

പച്ചക്കറികളിൽ നീരൂറ്റിക്കുടിക്കു ന്ന കീടങ്ങൾക്ക് മിത്ര കുമിളായ ലേക്കാനിസീലിയം ലെക്കാനി കീടാക്രമണത്തിൻറെ തുടക്കത്തിൽ തന്നെ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. വേപ്പധിഷ്ഠിത കീടനശിനികൾ തളിക്കുകയോ അല്ലെങ്കിൽ രാസ കീടനാശിനികളായഡൈമെത്തോയേറ്റ് 1.5 മി.മി ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ തയോമെതോക്സാം 2 ഡ 10 ലീറ്റർ വെള്ളത്തിൽ എന്നിവയിലേതെങ്കിലും ഇലകളുടെ അടിഭാഗത്ത് കൂടി വിടുന്ന വിധം തളിക്കുക. മീലി മുട്ടകൾ, വെള്ളീച്ചകൾ എന്നിവക്കെതിരെ കീടനാശിനികൾ ഉപയോഗിക്കുന്നതിനു മുൻപ് സോപ്പ് വെള്ളം തളിക്കുന്നത് കീടങ്ങൾ പുറപ്പെടുവിക്കുന്നമെഴുകുപോലുള്ള ആവരണങ്ങൾ അലിയുന്നതിന് സഹായിക്കുന്നു.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം